**Institute of Human Resources Development**
**Prajo'e Towers, Vazhuthacaud,**
**Thiruvananthapuram-14**

## PROCEEDINGS

IHRD – Payment of adhoc bonus and special festival allowance 2014-2015 to State Government employees – Government order extended to IHRD employees - Orders issued.

---

*No.EB3/11106/2014/HRD (1)* *Dated, Thiruvananthapuram, 17th August 2015*

---

**Read:** *(i). G.O (P) No.337/2015/Fin dated 07.08.2015*
*(ii). G.O (P) No. 361/15/2015/Fin dtd 13.08.2015*

## ORDER

Government have issued orders for payment of adhoc bonus and special festival allowance 2014-2015 to State Government employees as per the orders read above.

The decision taken by Government for the payment of adhoc bonus and special festival allowance for the State Government employees as ordered in the Government order is extended to IHRD employees on the same terms and conditions, subject to ratification of Executive Committee.

The Data Entry Operator Trainees on stipend, Part-time Sweepers/Sanitary workers and Security Guards engaged on daily wages under IHRD are treated on par with Part-time contingent employees mentioned in the Government Order for the payment of special festival allowance @ Rs. 1110/-. All employees including teaching faculty on daily wages and consolidated pay basis will be paid special festival allowance @ Rs.1110/-. For the guest faculty who have worked in IHRD institutions engaged on hourly remuneration basis, only those who have worked at least 200 hours during the financial year 2014-2015 are eligible for special festival allowance of Rs. 1110/-. Employees on daily wages who are in service before the first Onam and whose

services are not terminated before the fourth Onam are also eligible for special festival allowance of Rs. 1110/-. In case of retired hands engaged on contract basis, festival allowances will be released only an production of Non Payment Certificate from the treasury concerned with the release of pension benefits due to the incumbent

Adhoc bonus and special festival allowance for 2014-2015 will be disbursed from 20.08.2015 onwards.

*Sd/-*
*Dr.K. Vijayakumar*
*DIRECTOR (i/c)*

**To**

1) *All Head of Institutions (along with copy of Government Order)*
2) *Deputy Director*
3) *Finance Officer*
4) *Administrative Officer*
5) *All Section Heads in IHRD Headquarters*
6) *Finance (B) Section*
7) *S.F*
8) *O.C*

*Forwarded / By Order*

*Office Superintendent*

D..12.08.2015

**കേരള സർക്കാർ**

**സംഗ്രഹം**

**സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2014-15 ലെ ബോണസ്/പ്രത്യേക ഉത്സവ ബത്ത - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ധനകാര്യ (ലോൺസ്) വകുപ്പ്

**സ.ഉ. (അച്ചടി) നം. 337/15/ധനം.** **തീയതി, തിരുവനന്തപുരം, 07.08.2015**

പരാമർശം: - 1. 25.08.2014 ലെ സ.ഉ (അച്ചടി) നം. 367/14/ധന.
2. 05.09.2014 ലെ സ.ഉ. (ആർ.റ്റി) നം. 2353/2014/ത.സ്വ.ഭ.വ

**ഉത്തരവ്**

സംസ്ഥാന സർക്കാർ ജീവനക്കാർക്കും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഫുൾടൈം കണ്ടിജൻറ്/ മറ്റ് വിഭാഗത്തിലുള്ള ജീവനക്കാർക്കും ബോണസ്/പ്രത്യേക ഉത്സവ ബത്ത നിബന്ധനകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

**ബോണസ്**

2. സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിലവിൽ പ്രാബല്യത്തിലുള്ള ശമ്പള സ്കെയിലുകളിൽ (പരിഷ്കരണത്തിനു മുമ്പും ശേഷവും) 31.03.2015 ൽ 18,870/- രൂപയോ അതിൽ കുറവോ "ആകെ വേതനം" കൈപ്പറ്റുന്ന സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും (മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പടെ) സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഖിലേന്ത്യാ സർവീസിലെ ഓഫീസർമാർക്കും, എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലെയും ലോക്കൽ ബോഡികളിലെയും ജീവനക്കാർക്കും 2014-15 ലെ ബോണസ് 3500/- രൂപ നിരക്കിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി വരുന്ന ഓണത്തിനു മുമ്പായി നൽകുന്നതാണ്.

i) പ്രതിമാസം 3500/- രൂപയിൽ അധികവും എന്നാൽ 18870/- രൂപയിൽ അധികരിക്കാത്തതുമായ "ആകെ വേതനം" കൈപ്പറ്റുന്നവർക്ക് പ്രതിമാസ വേതനം 3500/- രൂപ എന്ന തോതിൽ ബോണസ് കണക്കു കൂട്ടേണ്ടതാണ്. 31.03.2015നോ അതിനുമുമ്പോ പരിഷ്കരിച്ച ശമ്പള സ്കെയിൽ ഓപ്റ്റ് ചെയ്ത ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം" എന്നാൽ അടിസ്ഥാന ശമ്പളം, വ്യക്തിഗത വേതനം, പ്രത്യേക ബത്ത, പ്രത്യേക വേതനം, വ്യക്തിഗത ബത്ത എന്നിവയും പരിഷ്കരിച്ച ശമ്പള സ്കെയിലിലെ 80% ക്ഷാമബത്തയും ചേർന്നതായിരിക്കും. എന്നാൽ വീട്ടുവാടകബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കുന്നതാണ്.

ii) പരിഷ്കരണത്തിനു മുമ്പുള്ള ശമ്പളസ്കെയിലിൽ തുടരുന്ന ജീവനക്കാരുടെ കാര്യത്തിൽ "ആകെ വേതനം" എന്നത് മേൽ ഖണ്ഡിക (1) ൽ പരാമർശിച്ചിരിക്കുന്നതുപോലെയും എന്നാൽ അതിൽ നിന്നും വ്യത്യസ്തമായി പരിഷ്കരണത്തിനു മുമ്പുള്ള ശമ്പള സ്കെയിലിലെ

അടിസ്ഥാന ശമ്പളത്തിന്റെ 203% ക്ഷാമബത്ത ചേർന്നതും വീട്ടുവാടക ബത്തയും മറ്റ് നഷ്ടപരിഹാരബത്തകളും ഒഴിവാക്കിയതുമാണ്.

iii) പ്രത്യേക വേതനത്തിന്റെ (Special Pay) ക്ഷാമബത്തയിലുള്ള കുറവ് സംരക്ഷിക്കുന്നതിനായി അനുവദിച്ചിട്ടുള്ള വ്യക്തിഗത ബത്തയും ഇത്തരം കേസുകളിൽ ബോണസിന് കണക്കാക്കുന്ന ആകെ വേതനത്തിൽ ഉൾപ്പെടുത്തി പരിഗണിക്കേണ്ടതാണ്.

iv) മാർച്ച് 2015ൽ പഠന അവധി, അർദ്ധ വേതനാവധി, ശൂന്യവേതനാവധി (KSR Appendix II പ്രകാരമുള്ള ശൂന്യവേതനാവധി ഒഴികെ), മുൻകൂർ അവധി എന്നിങ്ങനെയുള്ള അവധിയിലായിരുന്ന ജീവനക്കാരുടെ ബോണസ്, അത്തരം ജീവനക്കാർ അവധിയിൽ പ്രവേശിക്കുന്നതിന് തൊട്ട് മുമ്പ് വാങ്ങിയ വേതനത്തെ അടിസ്ഥാനമാക്കിയായിരിക്കും കണക്കാക്കുന്നത്.

v) 07/02/2015 ലെ സ.ഉ(അച്ചടി) നമ്പർ 72/2015/ധനം ഉത്തരവ് പ്രകാരം അനുവദിച്ച ക്ഷാമബത്താനിരക്ക് ആയിരിക്കും ഈ ഉത്തരവിലെ ബോണസ് തുക നിർണ്ണയത്തിന് പരിഗണിക്കുന്നതിനായി ബാധകമാക്കിയിട്ടുള്ളത്.

**3.** 31/03/2015 ൽ സർവ്വീസിലുള്ളതും, 2014-15 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസമെങ്കിലും തുടർച്ചയായ സർവീസുള്ളതുമായ ജീവനക്കാർക്ക് ബോണസിന് അർഹത ഉണ്ടായിരിക്കുന്നതാണ്. 31/03/2015 - നോ അതിനു മുമ്പോ സർവ്വീസിൽനിന്നും വിരമിച്ചവരോ അല്ലെങ്കിൽ വിടുതൽ വാങ്ങിയവരോ 2014-15 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 6 മാസം തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവർക്കും ബോണസ്/ഉത്സവ ബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**4.** 2014-15 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായോ ഭാഗികമായോ സസ്പെൻഷനിലായിരുന്ന സ്ഥിരം ജീവനക്കാർ ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയ്ക്കോ അതിനു മുമ്പോ സർവീസിൽ പുന:പ്രവേശിപ്പിക്കുകയും സസ്പെൻഷൻ കാലയളവ് ഡ്യൂട്ടിയായോ അർഹമായ അവധിയായോ പരിഗണിച്ച് ആ കാലയളവിലെ ശമ്പളം പൂർണ്ണമായും കൈപ്പറ്റുകയും ചെയ്തിട്ടുണ്ടെങ്കിൽ അവർക്ക് ബോണസ്/ഉത്സവ ബത്തക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

**5.** **താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാരും ബോണസിന് അർഹരാണ്.**

i) കൃഷി ഫാമുകൾ/സീഡ് ഫാമുകൾ/റീജിയണൽ വർക്ക്ഷോപ്പുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പടെ എല്ലാ വകുപ്പുകളിലെയും എൻ.എം.ആർ, സ്ഥിരം ജോലിക്കാർ/തൊഴിലാളികൾ, സീസണൽ വർക്കർമാർ എന്നിവർ. (വേരിയബിൾ ക്ഷാമബത്ത വാങ്ങുന്ന ജീവനക്കാരുടെ കാര്യത്തിൽ ബോണസ് കണക്കാക്കുന്നതിന് വേരിയബിൾ ക്ഷാമബത്തയും പരിഗണിക്കേണ്ടതാണ്.)

ii) 31.03.2015 ൽ സർവ്വീസിലുണ്ടായിരിക്കുകയും 2014-15 സാമ്പത്തിക വർഷത്തിൽ 6 മാസത്തിൽ കുറയാത്ത തുടർച്ചയായ സേവനം ഉണ്ടായിരിക്കുകയും സേവന ഇടവേള വരാതെ പി.എസ്.സി മുഖേന റെഗുലർ നിയമനം ലഭിച്ച പ്രൊവിഷണൽ

ജീവനക്കാരും/സർക്കാർ സ്കൂളിലേക്ക് റെഗുലർ നിയമനം ലഭിച്ച എയ്ഡഡ് സ്കൂൾ അധ്യാപകരും.

iii) ശമ്പള സ്കെയിലിന്റെ അടിസ്ഥാനത്തിൽ ശമ്പളം വാങ്ങുന്ന വിദ്യാഭ്യാസവകുപ്പിലെ പാർട്ട് ടൈം അധ്യാപകർ.

iv) അന്യത്ര സേവന വ്യവസ്ഥയിൽ കോർപ്പറേഷനുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാർ 2014-15 വർഷത്തിൽ മാതൃവകുപ്പിൽ 6 മാസത്തിൽ കൂടുതൽ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ യഥാവിധി ബോണസിന്/ ഉത്സവബത്തയ്ക്ക് അർഹരാണെങ്കിൽ മുൻ ഖണ്ഡിക 3ൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകളിൽ ഇളവ് വരുത്തിക്കൊണ്ട് അവർ മാതൃവകുപ്പിൽ ജോലിയിൽ തുടർന്നിരുന്നുവെങ്കിൽ അനുവദനീയമായ നിരക്കിൽ ഫോറിൻ എംപ്ലോയർ ബോണസ്/ഉത്സവബത്ത പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

v) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉൾപ്പടെ ജോലി നോക്കുന്ന എല്ലാ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കും.

vi) സർക്കാർ പ്രസ്സിലെ ജീവനക്കാർക്ക് ഈ ഉത്തരവ് പ്രകാരം മറ്റു സർക്കാർ ജീവനക്കാർക്ക് അനുവദനീയമായ ബോണസ് വാങ്ങുന്നതിനോ അല്ലെങ്കിൽ വ്യാവസായിക തൊഴിലാളികൾക്ക് സാധാരണ അനുവദിച്ചിട്ടുള്ള പെർഫോമൻസ് അലവൻസ് (എക്സ്ഗ്രേഷ്യാ അലവൻസ് ഉൾപ്പെടെയുള്ള) വാങ്ങുന്നതിനോ ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണ്. ഏതെങ്കിലും ഒരു ഓപ്ഷൻ സമർപ്പിച്ച ജീവനക്കാരന് ടി ഓപ്ഷൻ മാറ്റുവാൻ അനുവാദം നൽകുന്നതല്ല.

## <u>പ്രത്യേക ഉത്സവ ബത്ത</u>

6. **ബോണസിന് അർഹരല്ലാത്ത താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട ജീവനക്കാർക്ക് 2200/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

i) 2 മുതൽ 5 വരെയുള്ള ഖണ്ഡികകളിൽ പ്രതിപാദിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ബോണസിന് യോഗ്യരല്ലാതാകുന്ന ജീവനക്കാർക്ക് പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

ii) കഴിഞ്ഞ വർഷം ഓണാവധിക്കുശേഷം ജോലിയിൽ പ്രവേശിച്ച മന്ത്രിമാരുടെയും, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരുടെയും പേഴ്സണൽ സ്റ്റാഫ് ഉൾപ്പെടെയുള്ള എല്ലാ റെഗുലർ/താൽക്കാലിക ജീവനക്കാർ, ഈ ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിയിൽ സർവ്വീസിലുള്ളവർ, 2015 ലെ നാലാം ഓണത്തിനുമുമ്പ് പി.എസ്.സി മുഖേന സർവീസിൽ പ്രവേശിച്ച റെഗുലർ ജീവനക്കാർ.

iii) കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ ആർട്ടിക്കിൾ 250 പ്രകാരം ഓണം അഡ്വാൻസിന് അർഹരായിട്ടുള്ള എയ്ഡഡ്/സർക്കാർ സ്കൂളുകളിൽ നിന്നും ട്രെയിനിംഗിനു നിയോഗിച്ചിരിക്കുന്ന അധ്യാപകർ.

iv) റീ എംപ്ലോയിഡ് പെൻഷണർമാർ.

v) കരാറടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർ.

vi) എംപ്ലോയ്മെൻറ് എക്സ്ചെയിഞ്ച് മുഖേന പ്രൊവിഷണലായി നിയമനം ലഭിച്ചതും ഒന്നാം ഓണത്തിനു മുമ്പ് (27.08.2015) സേവനത്തിലുള്ളതും എന്നാൽ നാലാം ഓണത്തിനുമുമ്പ് (30.08.2015) സേവനം അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും വിടുതൽ ചെയ്യപ്പെടാനിടയില്ലാത്തതുമായ ജീവനക്കാർക്ക് അവരുടെ സേവന ദൈർഘ്യം കണക്കിലെടുക്കാതെ പ്രത്യേക ഉത്സവബത്തയ്ക്ക് അർഹരാകുന്നതാണ്.

vii) ഡയറക്റ്റ് പേയ്മെൻറ് സിസ്റ്റത്തിൻെറ പരിധിയിൽ വരാത്ത എയ്ഡഡ് ആംഗ്ലോ ഇന്ത്യൻ സ്കൂളുകളിലെ എല്ലാ അധ്യാപക അധ്യാപകേതര ജീവനക്കാരും.

viii) ശ്രീ ചിത്രാ ഹോമിലെ ജീവനക്കാർ.

ix) സർക്കാർ ആയുർവേദ കോളേജിലെ 'ഹോണററി ഫിസിഷ്യൻമാർ'.

x) സർക്കാർ ആശുപത്രികളിലെ 'ഹോണററി സിസ്റ്റർമാർ'.

xi) റവന്യൂ വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ചെയിൻമാന്മാർ.

xii) സർക്കാർ വകുപ്പുകളിലെ സ്ഥിരം ലേബർമാർ.

xiii) വിവിധ സർക്കാർ വകുപ്പുകൾ, ലോക്കൽ ബോഡീസ് എന്നിവയിലെ ഫുൾ ടൈം കണ്ടിജൻറ് ജീവനക്കാർ, ന്യൂഡൽഹി കേരള ഹൗസിലെ കരാർ തൊഴിലാളികൾ എന്നിവർ. ഇവരിൽ 31.03.2015 ന് ആറു മാസത്തെ തുടർച്ചയായ സേവനം പൂർത്തിയാക്കിയിട്ടുള്ളവർക്ക് ബോണസോ പ്രത്യേക ഉത്സവബത്തയോ ഏതെങ്കിലും ഒന്ന് അവകാശപ്പെടാവുന്നതാണ്.

xiv) കേരള സീരീസിലെ ഇന്ത്യൻ നിയമ റിപ്പോർട്ടുകളുടെ എഡിറ്റർമാർ, റിപ്പോർട്ടർമാർ.

xv) ഗവണ്മെൻറ് പ്ലീഡർമാർ, അഡീഷണൽ ഗവണ്മെൻറ് പ്ലീഡർമാർ.

**7. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് 910/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.**

i) കൃഷി വകുപ്പിൻെറ പട്ടികയിലുള്ള പോളിനേഷൻ വർക്കർമാർ, കൃഷി വകുപ്പിൻെറ പട്ടികയിൽപ്പെട്ടതും/പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകൾ മുഖേന നടപ്പിലാക്കി വരുന്ന സ്പ്രേയിംഗ് ടു കണ്ട്രോൾ ലീഫ് റോട്ട് ഡിസീസ് ഓഫ് കോക്കോനട്ട് പാംസ് എന്ന പദ്ധതിയിൽ കൃഷി വകുപ്പിൻെറ നിർദ്ദേശ പ്രകാരം ലോക്കൽ ബോഡികളിൽ ഇപ്പോൾ ജോലി നോക്കുന്ന വർക്കർമാർ.

ii) ക്ഷീര വികസന വകുപ്പിലെ ക്യാറ്റിൽ ഇംപ്രൂവ്മെന്റ് അസിസ്റ്റൻറ്മാർ.

iii) പബ്ലിക്ക് കൗൺസൽ.

iv) വിനോദ സഞ്ചാര വകുപ്പിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾ.

v) കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി ചെയ്തിട്ടുള്ള കുടുംബാസൂത്രണ വോളണ്ടറി വർക്കർമാർ, ട്രെയിൻറ് ഡയസ് വിഭാഗത്തിലെ കുടുംബാസൂത്രണ വോളണ്ടറി പ്രൊമോട്ടർമാരിൽ നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിതരായിട്ടുള്ള പാർട്ട് ടൈം കണ്ടിജൻറ് ജീവനക്കാർ.

vi) പട്ടികവർഗ്ഗ വികസന വകുപ്പിൽ പ്രവർത്തിക്കുന്ന എസ്.റ്റി പ്രൊമോട്ടർമാർ പട്ടികജാതി വികസന വകുപ്പിൽ പ്രവർത്തിക്കുന്ന എസ്.സി പ്രൊമോട്ടർമാർ.

vii) ഒന്നാം ഓണത്തിനു മുമ്പ് (27.08.2015) സേവനത്തിൽ ഉണ്ടായിരിക്കുകയും നാലാം ഓണത്തിനു മുമ്പ് (30.08.2015) സേവനത്തിൽ നിന്നും നീക്കം ചെയ്യാനിടയില്ലാത്തതുമായ ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാർ.

viii) ആഭ്യന്തര വകുപ്പിലെ ദിവസവേതനാടിസ്ഥാനത്തിലുള്ള ഹോം ഗാർഡുമാർ.

ix) റെഗുലർ ജീവനക്കാർക്ക് പകരക്കാരായി സർക്കാർ വകുപ്പുകൾ, ഫാമുകൾ, ലോക്കൽ ബോഡികൾ എന്നിവിടങ്ങളിൽ ജോലി ചെയ്തുവരുന്ന വ്യക്തികൾ, ജലസേചന വകുപ്പിൽ ഉൾപ്പെടെയുള്ള കാഷ്വൽ ലേബർമാർ/സി.എൽ.ആർ വർക്കർമാർ/ജലസേചന വകുപ്പിലെ എച്ച്.ആർ വർക്കർമാർ എന്നിവർ കഴിഞ്ഞ വർഷം അതായത് കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസമെങ്കിലും ജോലിചെയ്തിട്ടുണ്ടെങ്കിൽ. എന്നിരുന്നാലും, ഈ കാലയളവിൽ കുറഞ്ഞത് 200 ദിവസം ജോലിചെയ്ത വ്യക്തികൾക്കും ബോണസായി 30 ദിവസത്തെ വേതനത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ 200 ദിവസത്തിൽ കുറവും 30 ദിവസത്തിൽ കൂടുതലും ജോലി ചെയ്തിട്ടുള്ള ജീവനക്കാർക്ക് അവർ ജോലിചെയ്ത ദിവസത്തിന് ആനുപാതികമായി 910/- രൂപയിൽ കുറയാത്ത തുക ബോണസായി നൽകുന്നതായിരിക്കും. എന്നാൽ സേവനം ക്രമപ്പെടുത്തിയിട്ടുള്ള കാഷ്വൽ ലേബർമാർ/സി.എൽ.ആർ വർക്കർമാർ/എച്ച്.ആർ വർക്കർമാർ എന്നിവരുടെ കാര്യത്തിൽ ബോണസിനുള്ള അർഹതാകാലയളവ് കണക്കാക്കുന്നതിന് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വ്യവസ്ഥകൾക്കുപരിയായി സേവനം ക്രമപ്പെടുത്തുന്നതിന് മുമ്പുള്ള കാലയളവും ഉൾപ്പെടുത്തുന്നതാണ്. എന്നിരുന്നാലും ബോണസിന് അനുവദനീയമായ പരമാവധി തുക 3500/- ആയിരിക്കും.

x) കഴിഞ്ഞ ഓണാവധി മുതൽ വരുന്ന ഓണാവധി വരെയുള്ള കാലയളവിൽ കുറഞ്ഞത് 30 ദിവസം ജോലി നോക്കിയിട്ടുള്ളതും എന്നാൽ സേവനം ക്രമപ്പെടുത്തിയിട്ടില്ലാത്തതുമായ സി.എൽ.ആർ/എച്ച്.ആർ വർക്കർമാർ.

xi) അട്ടപ്പാടി ഹിൽ ഏരിയ ഡെവലപ്പ്മെൻറ് സൊസൈറ്റിയിലെ വോളണ്ടിയർമാർ.

xii) വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2014-15 സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 200 മണിക്കൂറെങ്കിലും ജോലി ചെയ്തിട്ടുള്ള ഗസ്റ്റ് ലക്ചർമാർ/ ഇൻസ്ട്രക്ടർമാർ.

xiii) കുഷ്ഠരോഗ ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന രോഗ ബാധിതരായ ജീവനക്കാർ.

**8.** താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് 900/- രൂപ നിരക്കിൽ പ്രത്യേക ഉത്സവബത്ത നൽകുന്നതാണ്.

(i) ആശാ വർക്കർമാർ

(ii) സാമൂഹിക നീതി വകുപ്പ്, ഗ്രാമ വികസന വകുപ്പ്, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് എന്നിവയ്ക്ക് കീഴിലുള്ള അങ്കൻവാടി, ബാലവാടി അധ്യാപകർക്കും, പ്രവർത്തകർക്കും.

(iii) അങ്കൻവാടി, ബാലവാടി ഹെൽപർമാർ, ആയമാർ

(iv) മഹിളാ സമാഖ്യ സൊസൈറ്റിയിലെ വനിതാ പ്രൊട്ടക്ഷൻ ഉദ്യോഗസ്ഥരുടെ പ്രത്യേക ദൂതന്മാർ

(v) കിഷോരി ശക്തി യോജന സ്കൂൾ കൗൺസിലർമാർ

(vi) പാലിയേറ്റീവ് കെയർ നഴ്സുമാർ.

(vii) ബഡ്സ് സ്കൂൾ അധ്യാപകർ.

9. താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് അതാത് വിഭാഗത്തിനു നേരെ സൂചിപ്പിച്ചിരിക്കുന്ന നിരക്കിൽ പ്രത്യേക ഉത്സവബത്ത നല്കുന്നതാണ്.

| | വിഭാഗം | തുക (രൂപയിൽ) |
|---|---|---|
| i) | ഏക അധ്യാപക വിദ്യാലയങ്ങളിലെയും പെരിപതെറ്റിക് വിദ്യാലയങ്ങളിലെയും അധ്യാപകർ, ആയമാർ | 1000/- |
| ii) | പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ പാചകക്കാർ | 1000/- |
| iii) | സ്കൂൾ കൗൺസിലർമാർ | 840/- |
| iv) | എം.എൽ.എമാരുടെ അഡീഷണൽ സ്റ്റാഫ് | 800/- |
| v) | പി.റ്റി.എ നടത്തുന്ന പ്രീ-പ്രൈമറി വിദ്യാലയങ്ങളിലെ അധ്യാപകർ, ആയമാർ | 800/- |
| vi) | പ്രേരക് മാർ, അസിസ്റ്റന്റ് പ്രേരക് മാർ | 700/- |
| vii) | അങ്കൻവാടി/ബാലവാടി കൺവീനർമാർ ഗ്രാമ വികസന വകുപ്പിലെ അപ്ഗ്രേഡഡ് റഗുലർ ഫീഡിംഗ് കേന്ദ്രങ്ങളിലെ ഫീഡിംഗ് കൺവീനർമാർ | 670/- |
| viii) | ഏകീകൃത (consolidated) വേതനം ലഭിക്കുന്ന സ്വീപ്പർമാർ | 670/- |
| ix) | ആയുർവേദ ഡിസ്പെൻസറികളിലെ കഷായ ജീവനക്കാർ | 550/- |
| x) | സ്പെഷ്യൽ സ്കൂളിലെ അധ്യാപക അധ്യാപകേതര ജീവനക്കാർ | 500/- |

10. **പെൻഷൻകാർ**

| | | |
|---|---|---|
| i) | മുകളിൽ 3 ഉം 6 ഉം ഖണ്ഡികകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം ബോണസ്/ഉത്സവബത്തക്ക് അർഹതയില്ലാത്ത സർവ്വീസിൽ നിന്നും വിരമിച്ചവർക്ക് പ്രത്യേക ഉത്സവബത്തയായി നല്കുന്ന തുക | 670/- |
| ii) | പ്രോ റേറ്റാ പെൻഷൻകാർ | 600/- |
| iii) | പ്രോ റേറ്റാ കുടുംബ പെൻഷൻകാർ | 600/- |
| iv) | കുടുംബ പെൻഷൻകാർ | 550/- |
| v) | എക്സ് ഗ്രേഷ്യാ പെൻഷൻകാർ | 550/- |
| vi) | പാർട്ട് ടൈം കണ്ടിജൻറ് പെൻഷൻകാർ | 550/- |
| vii) | സർവ്വീസിൽ നിന്നും വിരമിച്ച കുഷ്ഠ രോഗ ബാധിതരായ ജീവനക്കാർ | 550/- |
| viii) | പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ | 550/- |
| ix) | പേഴ്സണൽ സ്റ്റാഫ് കുടുംബ പെൻഷൻകാർ | 550/- |
| x) | പാർട്ട് ടൈം കണ്ടിജൻറ് കുടുംബ പെൻഷൻകാർ | 480/- |
| xi) | കമ്പാഷനേറ്റ് അലവൻസ് പെൻഷൻകാർ | 480/- |

**കുറിപ്പ് : മുകളിൽ ഖണ്ഡിക 10 ലെ I മുതൽ XI വരെ പ്രതിപാദിക്കുന്ന പ്രത്യേക ഉത്സവ ബത്തയിൽ ഏതെങ്കിലും ഒന്നിന് മാത്രമേ ഒരു പെൻഷണർക്ക് അർഹത ഉണ്ടായിരിക്കുകയുള്ളു.**

11. **താഴെപ്പറയുന്ന വിഭാഗം ജീവനക്കാർക്ക് ബോണസ്/പ്രത്യേക ഉത്സവ ബത്തയ്ക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.**

(i) മറ്റേതെങ്കിലും ബോണസ് ആക്ട്/ആക്ടിൻെറ പരിധിയിൽപ്പെട്ട ബോണസിനോ എക്സ്ഗ്രേഷ്യയ്ക്കോ അതു പോലുള്ള മറ്റ് ആനുകൂല്യങ്ങൾ ക്കോ യോഗ്യരായിട്ടുള്ളവർ.

(ii) 31.03.2015 ൽ കേരള സർവീസ് റൂൾസിലെ അപ്പെൻറിക്സ് 12 പ്രകാരം വിദേശത്തോ ഇന്ത്യയിലോ ജോലി നേടുന്നതിനോ, അല്ലെങ്കിൽ "ജോയിനിംഗ് സ്പൗസ്" എന്നതിനോ ശൂന്യ വേതനാവധിയിലായിരുന്നവർ.

12. **31.03.2016 ന് മുമ്പ് ബോണസ് / പ്രത്യേക ഉത്സവബത്ത പിൻവലിക്കേണ്ടതാണ്.** അതാത് വ്യക്തികളുടെ ശമ്പളവും ബത്തകളും/വേതനം/പെൻഷൻ എന്നിവ ഏത് കണക്ക് ശീർഷകത്തിൽ നിന്നാണോ മാറുന്നത് അതേ കണക്ക് ശീർഷകത്തിൽ നിന്നു തന്നെ ഈ ഇനത്തിലുള്ള ചെലവും വഹിക്കേണ്ടതാണ്. തദ്ദേശ സ്ഥാപനങ്ങളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ബോണസ് / പ്രത്യേക ഉത്സവബത്തയിനത്തിലുള്ള ചെലവ് അതാത് തദ്ദേശ സ്ഥാപനങ്ങൾ, ശമ്പളം/വേതനം നൽകുന്ന ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

13. ട്രഷറിയിൽ നിന്നും നേരിട്ട് സ്വന്തമായി ശമ്പളവും/ബത്തകളും പിൻവലിക്കുന്ന (self drawing) ജീവനക്കാർക്ക് അക്കൗണ്ടന്റ് ജനറലിന്റെ അനുമതി കൂടാതെ തന്നെ കേരള ട്രഷറി കോഡ് വാല്യം 1 ലെ റൂൾ 165(ഡി)യുടെ കീഴിലെ നോട്ട് 2 പ്രകാരം ബോണസ്/പ്രത്യേക ഉത്സവ ബത്ത പിൻവലിക്കാവുന്നതാണ്.

14. ജീവനക്കാരുടേയും പെൻഷൻകാരുടേയും 2014-15 ലെ ബോണസ്/പ്രത്യേക ഉത്സവ ബത്തയുടെയും വിതരണം 20.08.2015 തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.വി. കലേശൻ**
**അഡീഷണൽ സെക്രട്ടറി(ധനകാര്യം)**

**പകർപ്പ് :-**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്.എസ്.എ),
തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരളം,
കോട്ടയം/എറണാകുളം/തൃശ്ശൂർ, കോഴിക്കോട്.
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
എല്ലാ യൂണിവേഴ്സിറ്റികളുടേയും രജിസ്ട്രാർമാർക്ക്
സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻ സ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
മുഖ്യമന്ത്രിയുടെയും, മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.

റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, ഗവണ്മെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), ബോംബെ.

എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.

ചീഫ് മാനേജർ, ധനകാര്യ അക്കൗണ്ട്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, തിരുവനന്തപുരം.

റീജിയണൽ മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,
തിരുവനന്തപുരം/എറണാകുളം.

അസിസ്റ്റൻറ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ,
തിരുവനന്തപുരം.

സീനിയർ മാനേജർ, കാനറാ ബാങ്ക്, തിരുവനന്തപുരം.

സീനിയർ മാനേജർ, സർക്കിൾ ഓഫീസ് (അനെക്സ്), കാനറാ ബാങ്ക്,
തിരുവനന്തപുരം.

ചീഫ് റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.

ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരുവനന്തപുരം.

റീജിയണൽ മാനേജർ, ഇൻഡ്യൻ ബാങ്ക്, തിരുവനന്തപുരം.

റീജിയണൽ മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.

റീജിയണൽ മാനേജർ, വിജയ ബാങ്ക്, തിരുവനന്തപുരം.

ഡയറക്ടർ ഓഫ് ട്രഷറീസ്, കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), തമിഴ്നാട്, ചെന്നൈ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ആന്ധ്രാ പ്രദേശ്, ഹൈദരാബാദ്.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), കർണ്ണാടക, ബാംഗ്ലൂർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), മഹാരാഷ്ട്ര, മുംബൈ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), രാജസ്ഥാൻ, ജയ്പൂർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), മിസോറാം, ഐസ്വാൾ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഗുജറാത്ത്, അഹമ്മദാബാദ്.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഹരിയാന, ചാണ്ഡിഗഡ്.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ജമ്മു ആൻറ് കാശ്മീർ, ശ്രീനഗർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), അരുണാചൽ പ്രദേശ്, ഇറ്റാനഗർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഗോവ, പനജി.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഹിമാചൽ പ്രദേശ്, സിംല.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), മധ്യ പ്രദേശ്, ഗ്വാളിയർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഒറീസ്സ, ഭുവനേശ്വർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഉത്തർ പ്രദേശ്, അലഹാബാദ്.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ബിഹാർ, പാറ്റ്ന.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), പശ്ചിമ ബംഗാൾ, കൊൽക്കത്ത.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഉത്തരാഞ്ചൽ, ഡെഹ്റാഡൂൺ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ആസ്സാം, ദിസ്പൂർ, ഗുഹാവത്തി.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), മണിപ്പൂർ, ഇംഫാൽ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ത്രിപുര, അഗർത്തല.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഛത്തീസ്ഗഡ്, റായ്പൂർ.

അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), നാഗാലാൻറ്, കൊഹിമ.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), സിക്കിം ഗാങ്ടക്.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), മേഘാലയ, ഷില്ലോങ്.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ഝാർഖണ്ഡ്, റാഞ്ചി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, പോണ്ടിച്ചേരി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
നോഡൽ ഓഫീസർ, ധനകാര്യം.
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 2014-15 ലെ ബോണസ്/പ്രത്യേക ഉത്സവബത്ത-പരിഷ്കരിച്ച-ഉത്തരവ് പുറപ്പെടുവിക്കുന്നു.

..........................................................................................................

ധനകാര്യ (ലോൺസ്) വകുപ്പ്

സ.ഉ. (അച്ചടി) നം. 361/15/ധനം തീയതി, തിരുവനന്തപുരം, 13/08/2015

..........................................................................................................

പരാമർശം;- 07/08/2015 ലെ സ.ഉ (അച്ചടി) നം. 337/15/ധനം

**<u>ഉത്തരവ്</u>**

പരാമർശത്തിലെ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ബോണസ്/പ്രത്യേക ഉത്സവബത്ത അനുവദിച്ച് ഉത്തരവായിരുന്നു. ടി ഉത്തരവ് പ്രകാരം ഉത്സവബത്ത അനുവദിക്കപ്പെട്ടിട്ടുള്ള എല്ലാ വിഭാഗം ജീവനക്കാർക്കും / പെൻഷൻകാർക്കും നിലവിൽ അനുവദിച്ച ഉത്സവബത്തയിൽ 200/- രൂപയുടെ വർദ്ധനവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. എന്നാൽ ബോണസ് തുകയിൽ മാറ്റം ഉണ്ടായിരിക്കുന്നതല്ല.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ലക്ഷ്മി രഘുനാഥൻ
ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ജി ആന്റ് എസ്.എസ്.എ) തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ ആന്റ് ആർ.എസ്.എ) കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരളം
കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്
എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസർമാർക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
സെക്രട്ടറി കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ
എല്ലാ യൂണിവേഴ്സിറ്റികളുടേയും രജിസ്റ്റാർക്കും

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻ സ്പോർട്ട് കോർപ്പറേഷൻ.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
എല്ലാ ഗവണ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
മുഖ്യമന്ത്രിയുടെയും, മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെയും ഗവണ്മെന്റ് ചീഫ് വിപ്പിൻെറയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ, കേരളം.
പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ, ഗവണ്മെന്റ് ആന്റ് ബാങ്ക് അക്കൗണ്ട്സ് (എൻ.ബി) സെക്ഷൻ, ബന്ദ്ര (ഇ), ബോംബെ.
എല്ലാ ദേശസാത്കൃത ബാങ്കുകളുടെയും ഹെഡ് ഓഫീസുകൾ.
ചീഫ് മാനേജർ, ധനകാര്യ അക്കൗണ്ട്സ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, തിരുവനന്തപുരം.
റീജിയണൽ മാനേജർ, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ,
തിരുവനന്തപുരം/എറണാകുളം.
അസിസ്റ്റൻറ് ഡിവിഷണൽ മാനേജർ, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ,
തിരുവനന്തപുരം.
സീനിയർ മാനേജർ, കാനറാ ബാങ്ക്, തിരുവനന്തപുരം.
സീനിയർ മാനേജർ, സർക്കിൾ ഓഫീസ് (അനെക്സ്), കാനറാ ബാങ്ക്,
തിരുവനന്തപുരം.
ചീഫ് റീജിയണൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം.
ഡിവിഷണൽ മാനേജർ, സിൻഡിക്കേറ്റ് ബാങ്ക്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, ഇൻഡ്യൻ ബാങ്ക്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, ഇൻഡ്യൻ ഓവർസീസ് ബാങ്ക്, തിരുവനന്തപുരം.
റീജിയണൽ മാനേജർ, വിജയ ബാങ്ക്, തിരുവനന്തപുരം.
ഡയറക്ടർ ഓഫ് ട്രഷറീസ്, കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), തമിഴ്നാട്, ചെന്നൈ.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), ആന്ധ്രാ പ്രദേശ്, ഹൈദരാബാദ്.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), കർണ്ണാടക, ബാംഗ്ലൂർ.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), മഹാരാഷ്ട്ര, മുംബൈ.
അക്കൗണ്ടൻറ് ജനറൽ (എ ആന്റ് ഇ), രാജസ്ഥാൻ, ജയ്പൂർ.

അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), മിസോറാം, ഐസ്വാൾ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഗുജറാത്ത്, അഹമ്മദാബാദ്.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഹരിയാന, ചാണ്ഡിഗഡ്.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ജമ്മു ആൻറ് കാശ്മീർ, ശ്രീനഗർ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), അരുണാചൽ പ്രദേശ്, ഇറ്റാനഗർ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഗോവ, പനജി.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഹിമാചൽ പ്രദേശ്, സിംല.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), മധ്യ പ്രദേശ്, ഗ്വാളിയർ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഒറീസ്സ, ഭുവനേശ്വർ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഉത്തർ പ്രദേശ്, അലഹാബാദ്.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ബിഹാർ, പാറ്റ്ന.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), പശ്ചിമ ബംഗാൾ, കൊൽക്കത്ത.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഉത്തരാഞ്ചൽ, ഡെഹ്റാഡൂൺ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ആസ്സാം, ദിസ്പൂർ, ഗുഹാവത്തി.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), മണിപ്പൂർ, ഇംഫാൽ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ത്രിപുര, അഗർത്തല.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഛത്തീസ്ഗഡ്, റായ്പൂർ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), നാഗാലാൻറ്, കൊഹിമ.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), സിക്കിം ഗാങ്ടക്.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), മേഘാലയ, ഷില്ലോങ്.
അക്കൗണ്ടൻറ് ജനറൽ (എ ആൻ്റ് ഇ), ഝാർഖണ്ഡ്, റാഞ്ചി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, പോണ്ടിച്ചേരി.
പ്രിൻസിപ്പൽ അക്കൗണ്ട്സ് ഓഫീസർ, ഡൽഹി അഡ്മിനിസ്ട്രേഷൻ, വികാസ് ഭവൻ, ന്യൂഡൽഹി.
നോഡൽ ഓഫീസർ, ധനകാര്യം.
കരുതൽ ഫയൽ/ആഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Ga·R

സെക്ഷൻ ഓഫീസർ